# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./(ബി.പി)356/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ(ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./(ബി.പി)356/2023 തീയ്യതി: 20/04/2023

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ധീരജ് എം , ഓഡിറ്റ് ഓഫീസർ
റഷീദ് സി എം , അസി.ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ജോഷി.കെ.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൂസമ്മ പി.വി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ ശ്രീകുമാരി.ബി.എസ് | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ ജെറിൻ.എൻ.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സലിത.എസ്.വി. | എസ്.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ദേവിശ്രീ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഫിബിമോൾ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുമം.കെ.ആർ | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുജ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യപത്രിക - അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പില്‍ കുറവ് – വ്യത്യാസം വ്യക്തമാക്കിയില്ല. | 1-11 |
| 13 | NRMS ഫണ്ട് (IWMP)-തുടര്‍പ്രവര്‍ത്തനങ്ങള്‍ നടപ്പാക്കുന്നില്ല | 1-12 |
| 14 | കൃഷി ഓഫീസര്‍ നടപ്പാക്കിയ പദ്ധതിയിലെ അപാകതകള്‍ | 1-13 |
| 15 | പട്ടികജാതി വികസന ഓഫീസര്‍ നടപ്പാക്കിയ പദ്ധതിയിലെ അപാകതകള്‍ | 1-14 |
| 16 | സംയുക്ത പ്രൊജക്ട് - വിനിയോഗ വിവരം / പൂര്‍ത്തീകരണ വിവരം ലഭ്യമല്ല | 1-15 |
| 17 | ഫയലുകള്‍ /രേഖകള്‍ ഹാജരാക്കേണ്ടതാണ്. | 1-16 |
| 18 | ആദായ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 19 | ഫയലുകള്‍ /രേഖകള്‍ ഹാജരാക്കിയില്ല. | 1-18 |
| 20 | വയോജന ക്ലബ്ബുകള്‍ക്ക് ട്രെഡ്മില്‍, കസേര - ആവശ്യകത ഉറപ്പാക്കാതെ വാങ്ങല്‍ നടത്തി | 1-19 |
| 21 | അംഗന്‍വാടികള്‍ക്ക് പള്‍സ് ഓക്സി മീറ്റര്‍ - ആവശ്യകത പരിശോധിച്ചില്ല,ഉപകരണങ്ങള്‍ നിഷ്ക്രിയമായി സൂക്ഷിക്കുന്നു. | 1-20 |
| 22 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തി**ല്‍** ചട്ടവിരുദ്ധമായി ഫോട്ടോസ്റ്റാറ്റ് മെഷി**ന്‍** വാങ്ങിയത് സംബന്ധിച്ച്. | 1-21 |
| 23 | വിവിധ പദ്ധതികള്‍ നിര്‍വ്വഹിച്ചതിന്റെ വിനിയോഗവിവരങ്ങള്‍ ലഭ്യമാക്കാത്തത് സംബന്ധിച്ച്. | 1-22 |
| 24 | പഞ്ചായത്തുകളിലെ ഹരിത ക**ര്‍**മ്മ സേനകള്‍ക്കായി കൈവണ്ടിക**ള്‍** വിതരണം ചെയ്ത പദ്ധതി-അപാകതകള്‍ . | 1-23 |
| 25 | ആ**ര്‍** ആ**ര്‍** എഫിലേക്ക് ബെയിലിങ് മെഷീ**ന്‍** വാങ്ങ**ല്‍** പദ്ധതി - പ്രവ**ര്‍**ത്തനം ആരംഭിച്ചിട്ടില്ല. | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ചട്ടവിരുദ്ധമായി ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയത് സംബന്ധിച്ച്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 18.2.2021 ലെ 01-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| മുന്നിരിപ്പ് | 2497347 | 26164224 |
| വരവ് | 252362000 | 60897645 |
| ആകെ | 254859347 | 87061869 |
| ചെലവ് | 254518100 | 61267999 |
| നീക്കിയിരിപ്പ് | 341247 | 25793870 |

ബജറ്റ് കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. ബജറ്റും യഥാർത്ഥ കണക്കുകളും വലിയ അന്തരമില്ലാതെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 03.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക - അപാകതകൾ

1) ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിലെ ഹെഡ് നമ്പർ - 320200309 - Literacy Scheme Grant പ്രകാരം തൻവർഷവും മുൻവർഷവും 45321/-രൂപ നീക്കിയിരിപ്പുണ്ട്. ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചത് പ്രകാരം 31-3-2017 ൽ ആണ് അവസാനമായി ട്രാൻസാക്ഷൻ നടന്നതെന്ന് ബോധ്യപ്പെട്ടു. അതിന് ശേഷം നാളിതു വരെയും തുക ചെലവാക്കിയിട്ടില്ല. ഗ്രാന്റ് പ്രകാരമുള്ള പദ്ധതി നിലവിലില്ലായെങ്കിൽ ബന്ധപ്പെട്ട ഹെഡിലേക്ക് തുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) താഴെ ചേർത്ത ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക്/ അക്കൌണ്ട് നമ്പർ | ഇനം | മുന്നിരിപ്പ് | വരവ് | പിൻവലിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് എടവനക്കാട്/ 343202010010650 | MGNREGS | 3804 | 682743 | 580853 | 105694 |
| 2 | യൂണിയൻ ബാങ്ക് മാലിപ്പുറം/ 343202010018931 | MGNREGS Training | 650 | 183508 | 183420 | 738 |
| 3 | എസ് ബി ഐ നായരമ്പലം/ 57033137683 | MPLADS | 38815 | 2829798 | 2311242 | 557371 |

3. വാർഷിക ധനകാര്യപത്രിക B4 Schedule പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകയും ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4.വാർഷിക ധനകാര്യപത്രിക B4 Schedule പ്രകാരം Specific Purpose Grant ഇനത്തിൽ ലഭിച്ച തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകയും ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

5.വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നീ ഫണ്ടുകളുടെ ചെലവ് തുകകൾ എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവും പൊരുത്തപ്പെടുന്നില്ല.
6.B4 Schedule പ്രകാരം Specific Purpose Grant ഇനത്തിൽ ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനായി ലഭിച്ചതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

7. മുൻകൂർ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്കു (നം-9 തി.21.03.23) മറുപടിയായി അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണെന്ന് അറിയിച്ചു

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 26164224 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 60897645 |
| ആകെ | | 87061869 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 61267999 |
| നീക്കിയിരിപ്പ് | | 25793870 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 41,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19343932 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (എസിആർ പ്രകാരം) | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20301196 | 20301196 | 19225000 | 1076196 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12799000 | 12799000 | 12798927 | 73 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 41000 | 41000 | 0 | 41000 | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5418425 | 5418425 | 4033460 | 1384965 | |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 4595652 | 4595652 | 3805164 | 0 | 820702 (30214/-രൂപ പലിശ ഉൾപ്പെടെ) |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 8100895 | 8100895 | 5406001 | 0 | 2710908 (16014/-രൂപ പലിശ ഉൾപ്പെടെ) |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ടി എസ് സി | 314317 | 8573 | 322890 | 0 | 0 | 322890 |
| Literacy | 45321 | 0 | 45321 | 0 | 0 | 45321 |
| അദർ ഗ്രാന്റ് | 1810217 | 6544 | 1816761 | 0 | 0 | 1816761 |
| അദർ ഗവ ഏജൻസീസ് | 1951159 | 0 | 1951159 | 0 | 0 | 1951159 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 99 | 74260356 | 82 | 46549046 | 75 | 7 | 17 | 75.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 17.03.2023 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. മാനവൽ റസീപ്റ്റ് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
4.തനത് ഫണ്ട് പദ്ധതി ചെലവുകൾ സുലേഖയിൽ ഉൾപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന തുകകളുടെ ബാലൻസ് തുകകൾ ബാങ്ക് അക്കൌണ്ടുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 17.03.2021 വരെ | 2019-20 | 09-07-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2019 മുതൽ 21.11.2019 വരെ | 2014-15 മുതൽ 2018-19വരെ | 16.12.2019 |

1-11 ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പിൽ കുറവ് – വ്യത്യാസം വ്യക്തമാക്കിയില്ല.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക B4 Schedule പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക ചുവടെ ചേർക്കും പ്രകാരമാണ്.

| ഹെഡ് ഓഫ് അക്കൌണ്ട് | തുക |
|---|---|
| 320700203 | 58,53,674/- |
| 320700204 | 7,33,444/- |
| 320700205 | 52,13,322/- |
| 320700403 | 64,72,424/- |
| ആകെ | 1,82,72,864/- |

എന്നാൽ ബാങ്ക് അക്കൌണ്ടിൽ( SBI A/c No. 30372150084) ൽ 1,36,62,060/-രൂപയാണ് നീക്കിയിരുപ്പ് ഉള്ളത്. (അതിൽ പണമാക്കാത്ത് ചെക്കുകൾ കുറവുചെയ്താൽ 1,13,08,060/- *). ബാങ്ക് അക്കൌണ്ടും ബി-4 ഷെഡ്യൂളിലെ നീക്കിയിരുപ്പ് തുകയുമായും ലെഡ്ജറുമായുള്ള വ്യത്യാസം 46,10,804-* രൂപയാണ്. വ്യത്യാസം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്കു (നം-3,തീ-20.03.23) മറുപടിയായി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

1-12 NRMS ഫണ്ട് (IWMP)-തുടർപ്രവർത്തനങ്ങൾ നടപ്പാക്കുന്നില്ല

സംസ്ഥാനത്ത് 2010-11 ൽ ആരംഭിച്ച സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ കാലാവധി ഏഴ് വർഷമാണ്. അതിൻപ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ സംരക്ഷണം , പരിപാലനം, നീർത്തടഫണ്ടിന്റെ വിനിയോഗം എന്നിവയ്ക്കായി സ.ഉ.(കൈ)നം101/2019 തസ്വഭവ തി. 1.8.2019 പ്രകാരം എക്സിറ്റ് പ്രോട്ടോക്കോൾ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പരിപാലനത്തിനായി നീർത്തട വികസന ഫണ്ട് (NRMS/ WDF ) രൂപീകരിക്കാവുന്നതാണ്. അതിൻപ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ UBI ,EKD, എന്ന ബാങ്ക് അക്കൌണ്ടിൽ ( NRMS Fund (IWMP) ഹെഡ് ഓഫ് അക്കൌണ്ട് -450210118) 64, 72,424/- രൂപ നീക്കിയിരുപ്പ് ഉണ്ട്. NRMS Fund വിനിയോഗം സംബന്ധിച്ച് ആസ്തി രജിസ്റ്റർ , ക്യാഷ് ബുക്ക്, NRMS Fund വിനിയോഗ രജിസ്റ്റർ , വർക്ക് രജിസ്റ്റർ , തുടങ്ങിയവ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിട്ടുണ്ട്.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് നീർത്തട വികസന പ്രവർത്തനങ്ങൾക്കായി 2021-22 വർഷം ഏറ്റെടുത്ത പ്രവർത്തികളും , തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും മേൽ സൂചിപ്പിച്ചിട്ടുള്ള രജിസ്റ്ററുകളും പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടതിൻ പ്രകാരം (ഓഡിറ്റ് എൻക്വയറി നം- 7/21.03.23) ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കി . തൻവർഷം പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയില്ല എന്നും അറിയിച്ചു.

## 1-13 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പ്രോജക്ട് നം 119/2021-22 ഉണ്ടിപ്പുറം പാടശേഖരത്തിന് പെട്ടിയും പറയും- ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

(എ) RAIDCO യിൽ നിന്നുള്ള ഇൻവോയിസ് മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ബിൽ ഹാജരാക്കിയില്ല. 50 HP മോട്ടോറിന് അനുബന്ധിച്ചുള്ള പെട്ടിയും പറയുമാണ് വാങ്ങിയിട്ടുള്ളത്. 50 HP മോട്ടോർ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

(ബി) തുടർ പ്രവർത്തനം സംബന്ധിച്ച് പാടശേഖരസമിതിയുമായി എഗ്രിമെന്റ് വച്ചിട്ടില്ല. സത്യവാങ്മൂലമാണ് ഫയലിൽ ഉള്ളത്.

(സി) വകുപ്പ് തലത്തിലോ , ഗ്രാമപഞ്ചായത്ത് മുഖേനയോ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന് ഉറപ്പാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രോജക്ട് നം 55/2021-22 കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റ് . വകുപ്പ് തലത്തിൽ നടപ്പാക്കേണ്ട പ്രോജക്ടാണിത്. ബ്ലോക്ക് പഞ്ചായത്തു മുഖേന പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതിനാൽ തുക ഇരട്ടിപ്പായി ചെലവ് ചെയ്തിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല.

2021-22 വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ 1,84,848/- രൂപ വരവുണ്ട്. തൻവർഷം പ്രസ്തുത പ്രോജക്ടുകൾ വിവിധ ഫണ്ടുകൾ മുഖേന നടപ്പാക്കിയെങ്കിലും ഗുണഭോക്തൃ വിഹിതം പ്രോജക്ട് ചെലവുകൾക്കായി നല്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക 320800101 എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ ഈ തുക നീക്കിയിരുപ്പായി ചേർത്തിട്ടുണ്ട്. ( ഗുണഭോക്തൃ വിഹിതം പിന്നീട് ചെലവഴിച്ചതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം- 15/22.03.23) മറുപടിയായി അറിയിച്ചു)

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തു തലത്തിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വകുപ്പ് തലത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-14 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |
|---|---|---|
| പ്രോജക്ടിന്റെ നം / വർഷം | 11/2021-22 | 12/2021-22, |
| അടങ്കൽ തുക / ഫണ്ട് | 16,00,000/-രൂപ, വികസന ഫണ്ട് (എസ് സി പി) | 5,00,000/-രൂപ, വികസന ഫണ്ട് (എസ് സി പി) |
| ചെലവ് തുക/ ബിൽ നം തിയതി | 1)3,25,000/-രൂപ, ബിൽ നം.70/20.9.2021<br>2)1,00,000/-രൂപ, ബിൽ | 1)4,98,814/-രൂപ, ബിൽ നം.65/8.9.2021<br>2)1186/-രൂപ, ബിൽ |

| | | |
|---|---|---|
| | നം.71/20.9.2021<br>3)30,000/-രൂപ, ബിൽ നം.88/8.10.2021<br>4)50,000/-രൂപ, ബിൽ നം.101/28.10.2021<br>5)1,50,000/-രൂപ, ബിൽ നം.119/24.11.2021<br>6)2,00,000/-രൂപ, ബിൽ നം.140/20.12.2021<br>7)198,814/-രൂപ, ബിൽ നം.168/14.1.2022<br>8)75,000/-രൂപ, ബിൽ നം.203/11.2.2022<br>9)75,000/-രൂപ, ബിൽ നം.229/10.3.2022<br>10)96186/-രൂപ, ബിൽ നം.239/15.3.2022<br>11)2,50,000/-രൂപ, ബിൽ നം.102/28.10.21<br>12)50,000/-രൂപ, ബിൽ നം.113/22.11.2021 | നം.167/14.1.2022 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കുന്നതിനായി 2021-22 വർഷം മേൽപ്പറഞ്ഞ പ്രകാരം രണ്ട് പ്രോജക്റ്റുകളാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.
1) തൻവർഷം 8 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കിയതെങ്കിലും ടി ഗുണഭോക്താക്കൾക്ക് മാത്രമായല്ല തുക പൂർണമായും ചെലവഴിച്ചിട്ടുള്ളത് . മുൻ വർഷം പ്രവർത്തി പൂർത്തികരിക്കാത്ത ഗുണഭോക്താക്കൾക്കും സ്പിൽ ഓവർ പ്രോജക്റ്റ് തയ്യാറാക്കാതെ ഈ പ്രോജക്റ്റ് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്റ്റ് തയ്യാറാക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
2)ഗുണഭോക്തൃ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടില്ല. ഗ്രാമ പഞ്ചായത്തുകൾ നല്കിയ ലിസ്റ്റ് പ്രകാരം തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ മുഖേന പഠന മുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.
3) അപേക്ഷകരുടെ വിവരം രേഖപ്പെടുത്തിയ/തുക നല്കുന്നതു സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 16 , തി. 22.3.2023 ) വിശദീകരണം ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 21 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)മെറിറ്റോറിയസ് സ്കോളർഷിപ്പ്

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | | |
|---|---|---|---|
| പ്രോജക്റ്റിന്റെ നം / വർഷം | 13/21-22 | 104/2021-22 | 113/2021-22 |
| അടങ്കൽ തുക / ഫണ്ട് | 35,00,000/-/-രൂപ, വികസന ഫണ്ട് (എസ് സി പി) | 21,27,057-രൂപ, വികസന ഫണ്ട് (എസ് സി പി) | 12,85,880/-രൂപ, വികസന ഫണ്ട് (എസ് സി പി) |
| ചെലവ് തുക/ ബിൽ നം തിയതി | 1)10,35,000/-രൂപ, ബിൽ നം.26/27.3.22<br>2)7,60,000/-രൂപ, ബിൽ നം.27/27.3.22<br>3)6,30,000/-രൂപ, ബിൽ നം.39/5.8.2021<br>4)6,55,000/-രൂപ, ബിൽ നം.47/26.8.22<br>5)4,20,000/-രൂപ, ബിൽ നം.64/8.9.2021 | 1)7,10,000/-രൂപ, ബിൽ നം.79/1.10.2021<br>2)7,55,000/-രൂപ, ബിൽ നം.108/12.11.2021<br>3)6,60,000/-രൂപ, ബിൽ നം.99/28.10.2021<br>4)2057/-രൂപ, ബിൽ നം.202/11.2.22 | 1)12,85,880/-രൂപ, ബിൽ നം.79/1.10.2021 |

പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.
1) മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കുന്നതിനായി 2021-22 വർഷം മേൽപ്പറഞ്ഞ പ്രകാരം മൂന്ന് പ്രോജക്റ്റുകളാണ് ( ആകെ 69,12,937/- രൂപ ചെലവഴിച്ചിട്ടുണ്ട്) നടപ്പാക്കിയിട്ടുള്ളത്. ആകെ 69,12,937/- രൂപ ചെലവഴിച്ചിട്ടുണ്ട്. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നത് അഭിനന്ദാർഹമാണ് എങ്കിലും ഇപ്രകാരം ഒരു പദ്ധതിയ്ക്കായി ഒരു വർഷം മൂന്ന് പ്രോജക്റ്റുകൾ നടപ്പാക്കിയ സാഹചര്യം വ്യക്തമല്ല.

2) മെറിറ്റോറിയസ് സ്കോളർഷിപ്പ് ധനസഹായം വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും വകുപ്പ് തലത്തിലും ഈ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)തുക നല്കുന്നതിനായുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 16 , തി. 22.3.2023 ) വിശദീകരണം ലഭ്യമാക്കിയില്ല. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ചതുക 69,12,937/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ബ്ലോക്ക് പഞ്ചായത്തു തലത്തിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വകുപ്പ് തലത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-15 സംയുക്ത പ്രൊജക്ട് - വിനിയോഗ വിവരം / പൂർത്തീകരണ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അവയിൽ താഴെ പറയുന്ന സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗ വിവരം / പൂർത്തീകരണവിവരം ലഭ്യമായിട്ടില്ല. (നിർവഹണോദ്യോഗസ്ഥൻ-അസി.എൻജിനീയർ)

| ക്രമ നം | പ്രൊജക്ട് നം/ പേര് | അടങ്കൽ | ചെലവ് | ബിൽ.നം/തീയതി |
|---|---|---|---|---|
| 1 | 36/2022,<br>ഞാറക്കൽ ഗ്രാമപഞ്ചായത്ത് സീഷോർ കോളനി പാർശ്വഭിത്തിയും റോഡ് നിർമ്മാണവും വാർഡ് 1 | 768940 | 221500 | 273/27.03.21,<br>221500/- |
| 2 | 85/2022,<br>പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സങ്കേതം റോഡ് മുതൽ സരയു അങ്കൺവാടി വരെ റോഡ് നിർമ്മാണം | 900000 | 289995 | 1) 53/31.08.21,<br>235772/-<br>2)270/26.03.22,<br>54223/- |
| | ആകെ | | | 511495/- |

ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/20.03.23) പൂർത്തീകരണ വിവരം നിലവിൽ ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ തുക (511495/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഫയലുകൾ /രേഖകൾ ഹാജരാക്കേണ്ടതാണ്.

1.വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 24.1.2022 ലെ കമ്മറ്റി തീരുമാനം 2

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പുതിയ ഓഫീസ് കെട്ടിടത്തിനായി MP/LAD/MLA ഫണ്ട് ഉൾപ്പെടുത്തി 99 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയിൽ 2020 ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ നിർമ്മാണ പ്രവൃത്തിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം , MP/LAD/MLAഫണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാണോ ചെലവു ചെയ്തത് എന്ന വിശദാംശം, DPC അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം , പ്രവൃത്തി പൂർത്തികരണ കാലയളവിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടോ എന്നുള്ള വിശദാംശങ്ങൾ , ഫണ്ട് വിനിയോഗം സംബന്ധിച്ച ഫയൽ , സാങ്കേതികാനുമതി എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. മാത്രമല്ല, MP/LAD/MLAഫണ്ട് അക്കൌണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച രേഖകൾ ഫണ്ട് വിനിയോഗം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 21.03.23 ൽ 8ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-17 ആദായ നികുതി ഈടാക്കിയിട്ടില്ല

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം കരാർ സ്ഥാപനങ്ങളിൽ നിന്നും ബിൽ തുക ഒരു ബില്ലിൽ 30000/-ൽ അധികമോ ഒരു വർഷം കരാറുകാരന്/ കരാർ സ്ഥാപനത്തിന് നൽകുന്ന ആകെ തുക 100000/-രൂപയിൽ അധികരിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രവൃത്തി നിർവ്വഹിച്ചത് കരാറുകാരനാണെങ്കിൽ 1% നിരക്കിലും സ്ഥാപനമാണെങ്കിൽ 2 % നിരക്കിലും ആദായ നികുതി ഈടാക്കണം. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 2021-22 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടിന്റെ ബില്ലിൽ നിന്ന് ഇപ്രകാരം റ്റി ഡി എസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 3/22 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി - ഐ ഇ സി ബോർഡ് സ്ഥാപിക്കൽ |
| അടങ്കൽ | 100000/- |
| ഫണ്ടിനം | പൊതുവിഭാഗം |

| | |
|---|---|
| ചെലവ് | 100000/- (ബോർഡ് സ്ഥാപിക്കൽ,ഇതര പരസ്യചെലവുകൾ എന്നിവ ഉൾപ്പെടെ) |
| ബിൽ നം | 163/13/01/2022 |
| കരാറുകാരൻ | റയാൻ മാർക്കറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

പ്രൊജക്റ്റിന്റെ ഭാഗമായി ആശുപത്രി മതിൽ പെയിന്റ് ചെയ്ത് സന്ദേശങ്ങൾ എഴുതുന്നതിന് 7.09.21 ലെ 109/2021 നം ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ റയാൻ മാർക്കറ്റിംഗ് . നോർത്ത് പറവൂർ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തു. സ്ഥാപനത്തിന്റെ 10.01.2022 ലെ RY-242/2021-22 നം ബില്ലിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റിന്റെ ആകെ ചെലവായ (ഇതര പരസ്യ ചെലവുകൾ ഉൾപ്പെടെ) 100000/-രൂപയിൽ നിന്ന് ഈയിനത്തിലെ 79850/-രൂപ നൽകുകയും ചെയ്തു. ആദായനികുതി നിയമത്തിലെ വ്യവസ്ഥ പ്രകാരം 1597/-രൂപ ഈടാക്കി അടവാക്കേണ്ടതായിരുന്നെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2/17.03.23) മറുപടി ലഭ്യമാക്കിയില്ല. 1597/-രൂപ റ്റി ഡി എസ് ഇനത്തിൽ ഈടാക്കി അടവാക്കേണ്ടതാണ്. ഇതര പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിലും ചട്ടപ്രകാരമുള്ള റ്റി ഡി എസ് ഈടാക്കേണ്ടതാണ്.

1-18 ഫയലുകൾ /രേഖകൾ ഹാജരാക്കിയില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളും ഫയലും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി (നം- 10/21.03.23) മുഖേന അറിയിച്ചു എങ്കിലും ഹാജരാക്കിയില്ല.

| പ്രോജക്റ്റിന്റെ നം | പ്രോജക്റ്റിന്റെ പേര് | ബിൽ നം തി. | തുക |
|---|---|---|---|
| 1. | എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെൻറർ അടിസ്ഥാന സൌകര്യം | 477/30.3.2022 | 20,795/- |
| 2. | വനിതാഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭം | 147/10.1.2022 | 2,00,000/- |
| | | ആകെ | 2,20,795/- |

ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച തുക (2,20,795/-) തടസ്സപ്പെടുത്തുന്നു.

1-19 വയോജന ക്ലബ്ബുകൾക്ക് ട്രെഡ്മിൽ, കസേര - ആവശ്യകത ഉറപ്പാക്കാതെ വാങ്ങൽ നടത്തി

പ്രോജക്റ്റ് നം-38/22

അടങ്കൽ -4,00,000/ (വികസന ഫണ്ട് - ജനറൽ)

ചെലവ്-4,00,000/- (ബിൽ നം-03/2021-22 Dtd 01-09-2021)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള തെരഞ്ഞെടുത്ത അംഗൻവാടികളിലേക്ക് ട്രെഡ് മിൽ, കസേരകൾ എന്നിവ വാങ്ങുന്നതിന് 2021-22 ൽ സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതി വഴി 4,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നിന് 44,800 രൂപ നിരക്കിൽ 5 ട്രെഡ് മില്ലുകളും ഒന്നിന് 5710 രൂപ നിരക്കിൽ 31 ആം ചെയറുകളുമാണ് പദ്ധതി പ്രകാരം "ആർട്ട്കോ"യിൽ നിന്നും വാങ്ങി വിതരണം നടത്തിയത്.പദ്ധതിയിലെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരം 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി,പത്രപ്പരസ്യം നൽകി , അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ ടെണ്ടറില്ലാതെ ആർട്ട്കോ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. റോയൽ ഫർണ്ണീച്ചർ, അങ്കമാലി, പ്രകാശം ഇൻഡസ്ട്രീസ് മലപ്പുറം എന്നിവയുടേതായി ഫയലിൽ രണ്ട് ക്വട്ടേഷനുകൾ കൂടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തിയതി രേഖപ്പെടുത്താത്ത ഇവ രണ്ടിലും ആർട്ട്കോയുടെ ബില്ലിലെ വിവരങ്ങൾ തന്നെ പകർത്തി അതിലും ഉയർന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആർട്ട്കോയുടെ വെബ്സൈറ്റിൽ തന്നെ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം എൽ.ഇ.ഡി തെരുവുവിളക്കുകൾ, സ്റ്റീൽ ഫർണ്ണീച്ചർ , തടി ഫർണ്ണീച്ചർ എന്നീയിനങ്ങളാണ് ആർട്ട്കോയിൽ നിന്നും ടെണ്ടർനടപടികൾ കൂടാതെ വാങ്ങാൻ അനുമതിയുള്ളത്. 04/07/2019 ൽ ധനകാര്യവകുപ്പ് പുറത്തിറക്കിയ ജി.ഒ(പി)നം-77/2019/Fin ഉത്തരവ് പ്രകാരം നിശ്ചയിച്ച അക്രെഡിറ്റഡ്

ഏജൻസികളുടെ പട്ടികയിൽ 'ഇന്റീരിയർ വർക്കുകളാണ്' ആർട്ട്കോയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആർട്ട്കോയെ അക്രെഡിറ്റഡ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിയുടെ വാങ്ങൽ ടെണ്ടറില്ലാതെ നടത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2.വയോജനങ്ങൾക്കായി ട്രെഡ് മിൽ വാങ്ങുന്നത് തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല. മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് തുക ചെലവഴിക്കുന്നതിന് മുമ്പ് സർക്കാരിന്റെ മുൻകൂർ അനുമതി തേടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. വയോജനങ്ങൾക്കായി ട്രെഡ് മിൽ വാങ്ങുന്നതിന് മുമ്പ് ഇതിന്റെ ആവശ്യകത സംബന്ധിച്ച് കൃത്യമായ പരിശോധനയോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ട ഉപകരണത്തിന്റെ കൃത്യമായ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിട്ടില്ല. ട്രെഡ് മിൽ എന്നല്ലാതെ ആവശ്യമുള്ള ഉപകരണവുമായി ബന്ധപ്പെട്ട യാതൊരു വിശദാംശങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ ഏതിനമാണ് സ്ഥാപനത്തിന് അനുയോജ്യമെന്ന് പരിശോധിച്ചിട്ടില്ല. ഉപകരണം സ്ഥാപിക്കുന്നതിന് ലഭ്യമായ സ്ഥലസൗകര്യം , ട്രെഡ് മില്ലിന്റെ ബെൽറ്റ് സൈസ്, ഹോഴ്സ് പവർ, കുഷ്യൻ ബെഡ്, സ്റ്റെബിലിറ്റി, ഉപകരണത്തിന് ലഭ്യമാകുന്ന വാറന്റി, സർവ്വീസ് മുതലായ ഘടകങ്ങൾ പരിശോധിച്ചാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഒരേയിനം ട്രെഡ് മില്ലുകളാണ് മേൽവിധമുള്ള പരിശോധനകളൊന്നും നടത്താതെ വാങ്ങിയത്. തയ്യാറാക്കിയ സപ്ലൈ ഓർഡറിൽ (നം-എ-524/2021) പ്രസ്തുത ഉപകരണത്തിന്റെ സ്പെസിഫിക്കേഷനോ മറ്റ് ആവശ്യമായ വിവരങ്ങളോ നൽകിയിരുന്നില്ല. ട്രെഡ് മില്ലുകൾ വ്യത്യസ്തമായ ഗുണനിലവാരത്തിലും വില നിലവാരത്തിലും വിവിധ ബ്രാൻഡുകളിൽ ലഭ്യമായിരിക്കെ താരതമ്യം ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങൾ പോലുമില്ലാതെ വാങ്ങൽ നടത്തി. ഉത്പന്നത്തിന്റെ ഗുണമേന്മയോ വാറന്റിയോ ഉറപ്പാക്കാനുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല. സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം ഉത്പന്നത്തിന് ഒരു വർഷത്തെ വാറന്റിയാണ് കമ്പനി ഓഫർ ചെയ്തിട്ടുള്ളത്. എന്നാൽ ഉത്പന്നം നിർമ്മിക്കാത്ത "ആർട്ട്കോ" ഇതിന് 5 വർഷ വാറന്റി ഉറപ്പുനൽകിയതായാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

3. തമിഴ് നാട് കോയമ്പത്തൂർ ആസ്ഥാനമായ MAXPRO എന്ന ബ്രാൻഡ് 2 HP ട്രെഡ് മില്ലാണ് പദ്ധതിയിൽ വാങ്ങിയിട്ടുള്ളത്. വാങ്ങിയ മോഡൽ ഉത്പന്നത്തിന് ഓൺലൈൻ വിപണിയിൽ നിലവിലും 27,000/- രൂപയിൽ താഴെ മാത്രമാണ് വിലയുള്ളത്. എന്നാൽ അതേ ഉത്പന്നം ഒരു വർഷം മുന്നേ 44,800/- രൂപ നിരക്കിലാണ് വാങ്ങിയത്. വയോജനങ്ങളിൽ വളരെ വലിയ ഒരു ശതമാനത്തിന് ട്രെഡ് മില്ല് പോലുള്ള ഉപകരണത്തിന്റെ സഹായത്തോടെ വ്യായാമം ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഉപകരണം നൽകിയ അംഗൻവാടി കെട്ടിടങ്ങളിൽ ഭൂരിഭാഗത്തിലും ഈ ഉപകരണം സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യമോ പവർപ്ലഗ് പോലുള്ള ഇലക്ട്രിക്ക് സൗകര്യങ്ങളോ ഉറപ്പാക്കാതെയാണ് വാങ്ങൽ നടത്തിയത്. ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ നൽകിയ ഉപകരണം അംഗൻവാടികളുള്ളിൽ തന്നെയാണ് നിലവിലും സൂക്ഷിക്കുന്നത്. സ്റ്റെയർറൂമിന് താഴെയുള്ള വളരെ പരിമിത സൗകര്യങ്ങളാണ് നിലവിലും ഇവിടങ്ങളിൽ ലഭ്യമാക്കിയിട്ടുള്ളത്. ഉപകരണങ്ങൾ സ്ഥാപിച്ച സ്ഥാപനങ്ങളിൽ നിന്നും മാസത്തിലൊരിക്കലോ രണ്ടാഴ്ചകളിലോ നടക്കുന്ന യോഗങ്ങൾക്കാണ് ഭൂരിഭാഗം ക്ലബുകളിലും വയോജനങ്ങൾ എത്തുന്നതെന്നും ദൈനംദിന പരിശീലനത്തിനായി ഉപകരണം പ്രയോജനപ്പെടുത്തുന്നില്ലായെന്നും ഉപകരണങ്ങൾ സ്ഥാപിച്ച സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഉപകരണം പ്രവർത്തിപ്പിക്കുന്നതിനുള്ള പവർപ്ലഗ് സ്ഥാപിക്കൽ പോലുള്ള സൗകര്യങ്ങൾ ഉപകരണം വാങ്ങിയതിന് ശേഷമുള്ള സാമ്പത്തിക വർഷമാണ് പലയിടങ്ങളിലും നടത്തിയത്. ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെയും താരതമ്യം ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങൾ പോലുമില്ലാതെ വാങ്ങൽ നടത്തി.

4.ആർട്ട്കോയുടെ വെബ്സൈറ്റിൽ തന്നെ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം ഫർണ്ണീച്ചർ അനുബന്ധ മേഖലയിലെ ഉത്പന്നങ്ങളാണ് ആർട്ട്കോ നിർമ്മിക്കുന്നത്. ആർട്ട്കോ ഉത്പാദിപ്പിക്കാത്ത "ട്രെഡ് മിൽ" ആർട്ട്കോയിൽ നിന്നും വാങ്ങിയപ്പോളും ഉപകരണത്തിന്റെ ബ്രാൻഡ്, വാറന്റി, സർവ്വീസ് മുതലായ കാര്യങ്ങളൊന്നും ഉറപ്പുവരുത്താനാവശ്യമായ രേഖകളൊന്നും നൽകിയിട്ടില്ല . ഇതിലും കുറഞ്ഞ നിരക്കിൽ ട്രെഡ്മിൽ ലഭ്യമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടില്ല.

5.ബ്ലോക്ക് പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകരിക്കേണ്ടത്. ഈ പദ്ധതിയുടെ വാങ്ങലിന്റെ വിവരങ്ങൾ കമ്മിറ്റി പരിശോധിച്ചതിന്റെയോ ഏതെങ്കിലും ഉത്പന്നം വാങ്ങാൻ ശുപാർശ നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ വാങ്ങലിന്റെ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തത് എന്തുകൊണ്ട് എന്ന കാര്യവും വ്യക്തമാക്കിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തുകളിലെ വയോജനക്ലബ്ബുകൾക്ക് സ്വന്തം കെട്ടിടമില്ലാത്തതിനാൽ അംഗൻവാടികളിലാണ് ലഭിച്ച ഭൂരിഭാഗം കസേരകളും ട്രെഡ് മില്ലുകളും സൂക്ഷിച്ചിട്ടുള്ളത്. കെട്ടിടം ലഭ്യമല്ലാത്ത ക്ലബ്ബുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതെന്തിന് എന്നതിന്റെ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങൾ അംഗൻവാടി ജീവനക്കാർ കൈപ്പറ്റിയതിന്റെ വിവരങ്ങളാണ് ഫയലിൽ ലഭ്യമാക്കിയിരിക്കുന്നത്. നാല് ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങളും ഫർണ്ണീച്ചറും സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ട്രെഡ് മില്ലുകൾ ഓരോന്നും എവിടയാണ് സ്ഥാപിച്ചിരിക്കുന്നതെന്നോ അതിന്റെ ഇൻസ്റ്റേലേഷൻ എപ്രകാരമാണ് നടത്തിയതെന്നോ

ഉള്ള വിവരങ്ങളും ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (No-5 Dtd 20/05/2023 ) നൽകിയതിന് നൽകിയ മറുപടിയിൽ കോവിഡ് കാലത്ത് വയോജനങ്ങൾക്ക് ഉപകാരപ്രദമായതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്നും സർക്കാർ ഏജൻസിയായതിനാലാണ് ആർട്ട്കോയിൽ നിന്നും വാങ്ങിയതെന്നുമാണ് അറിയിച്ചത്. പദ്ധതിപ്പണം വിനിയോഗിക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തുന്നതിനും പദ്ധതിയുടെ ഫീസിബിലിറ്റി സംബന്ധമായ പഠനം നടത്തി ഉറപ്പുവരുത്തുവാനും വാങ്ങൽ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനും വാങ്ങിയ ഉപകരണങ്ങൾ കൂടുതൽ പേർക്ക് പ്രയോജനപ്പെടുന്ന വിധമുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 അംഗൻവാടികൾക്ക് പൾസ് ഓക്സി മീറ്റർ - ആവശ്യകത പരിശോധിച്ചില്ല,ഉപകരണങ്ങൾ നിഷ്ക്രിയമായി സൂക്ഷിക്കുന്നു.

പ്രോജക്ട് നം-49/22

അടങ്കൽ -94,615/ (വികസന ഫണ്ട് - ജനറൽ)

ചെലവ്-94,615/- (ബിൽ നം-02/2021-22 Dtd 01-09-2021)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 127 അംഗൻവാടികളിലേക്ക് പൾസ് ഓക്സിമീറ്റർ വാങ്ങുന്നതിന് സി.ഡി.പി.ഒ തയ്യാറാക്കിയ പദ്ധതി വഴി 2021-22 ൽ 94,615/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നിന് 745/- രൂപ നിരക്കിൽ ഞാറക്കൽ ജൻഔഷധി സ്റ്റോറിൽ നിന്നും വാങ്ങി വിതരണം നടത്തിയത്. കോവിഡ് പ്രതിസന്ധി മൂലം അംഗൻവാടികൾ പൂർണ്ണമായും അടച്ചിട്ടിരുന്ന സാഹചര്യത്തിൽ അംഗൻവാടികളിൽ ഉപയോഗിക്കുന്നതിനായി പൾസ് ഓക്സിമീറ്ററുകൾ വാങ്ങിയതെന്തിനെന്ന് വ്യക്തമല്ല. അംഗൻവാടികളിലേക്ക് പൾസ് ഓക്സിമീറ്ററുകൾ വാങ്ങി നൽകുന്നതിന് നിർദ്ദേശം നൽകിയ സർക്കാർ ഉത്തരവോ നിർദ്ദേശമോ ഫയലിൽ ലഭ്യമല്ല. ഒരു വർഷ വാറന്റിയാണ് വാങ്ങിയ ഉപകരണത്തിന് ലഭ്യമായിട്ടുള്ളത് . ബിൽ പ്രകാരം 29/08/2021 ലാണ് ഉപകരണങ്ങൾ ലഭ്യമായത്. 2022 ഫെബ്രുവരി മാസം പകുതി വരെ അംഗൻവാടികൾ പൂർണ്ണമായും അടച്ചിട്ടിരുന്ന സാഹചര്യത്തിൽ ഉപകരണത്തിന്റെ വാറന്റികാലാവധിയുടെ ഭൂരിഭാഗവും ഉപയോഗപ്രദമല്ലാതെ സൂക്ഷിക്കേണ്ടി വന്ന സ്ഥിതിയുണ്ട്. ആരോഗ്യസ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്താവുന്ന, പ്രധാനമായും പ്രായമായവർക്കും കോവിഡ് രോഗബാധമൂലമുണ്ടാകുന്ന ശ്വാസതടസ്സം നേരിടുന്നവർക്കും ഓക്സിജന്റെ അളവും പൾസ് റേറ്റും പരിശോധിക്കാനുള്ള ഉപകരണം അടഞ്ഞുകിടന്നിരുന്ന അംഗൻവാടികൾക്കായി വാങ്ങിയതിനും നിഷ്ക്രിയമായി സൂക്ഷിച്ചതിനും വിശദീകരണം വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് എൻട്രി വിവരങ്ങളും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയില്ല. അംഗൻവാടികളിൽ നിഷ്ക്രിയമായ സൂക്ഷിക്കുന്ന മെഡിക്കൽ ഉപകരണം ഏറ്റവുമധികം പ്രയോജനപ്പെടാവുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ചട്ടവിരുദ്ധമായി ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയത് സംബന്ധിച്ച്.

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഭാഗമായി (പദ്ധതി നം. 100/22) ബ്ലോക്ക് പഞ്ചായത്തിൽ ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങുകയുണ്ടായി. ടെൻഡർ നടപടിയിലൂടെയാണ് വാങ്ങിയിട്ടുള്ളത്. 179,500/- രൂപക്കാണ് മിഷൻ വാങ്ങിയിട്ടുള്ളത് .എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഒഴികെ 25000/- രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ജെം പോർട്ടിലൂടെ ആയിരിക്കണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

കൂടാതെ ജെം പോർട്ടൽ മുഖേന മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഇതേ കാലയളവിൽ ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയപ്പോൾ ഇതിനേക്കാൾ വാറണ്ടി കൂടിയതും ( 3 വർഷം) സ്പെസിഫിക്കേഷൻ ഉള്ളതുമായത് മെഷിൻ (L1) 138006/-രൂപക്ക് ലഭ്യമായിട്ടുള്ളതും ബ്ലോക്ക് ഓഫീസിന്റെ സമീപ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതേ സമയത്ത് അവ വാങ്ങുകയുമുണ്ടായി(ഉദാ. നായരമ്പലം ഗ്ര.പ) . ഇപ്രകാരം ജെമ്മിലൂടെയുള്ള വാങ്ങൽ രീതി ഒഴിവാക്കി ടെൻഡർ നടപടിയിലൂടെ വാങ്ങിയത് വഴി തദ്ദേശസ്ഥാപനത്തിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ രീതിയിൽ ടെൻഡർ നടപടി വഴി വാങ്ങിയതിനാൽ മാത്രം 41500/- രൂപയുടെ (179500-138000=41500) നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ 41500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 വിവിധ പദ്ധതികൾ നിർവ്വഹിച്ചതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി
താഴെ പറയുന്ന വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ | തുക നൽകിയത് | ആകെ ചെലവ് തുക | ബിൽ.നം, തീയതി |
|---|---|---|---|---|---|
| 1 | 78/22 | പഴയ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി പുതിയവ സ്ഥാപിക്കൽ | എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, കൊച്ചി-18 | 18,21,500 | 1)263/30.03.22,1715000/-<br>2)282/31.03.22, 106500/- |
| 2 | 58/22 | ലൈഫ് പദ്ധതിക്ക് ധനസഹായം | 1)പള്ളിപ്പുറം ഗ്രാ.പ-1670000/-<br>2)ഞാറയ്ക്കൽ ഗ്രാ.പ-1579000/-<br>3)കുഴുപ്പിള്ളി ഗ്രാ.പ-72940/-<br>4)നായരമ്പലം ഗ്രാ.പ-400000/- | 37,21,940 | 1)31/04.08.21,200000/-<br>2)58/06.09.21,200000/-<br>3)59/06.09.21,400000/-<br>4)73/20.09.21,72940/-<br>5)139/20.12.21, 200000/-<br>6)158/11.01.22,360000/-<br>7)163/12.01.22, 420000/-<br>8)189/31.01.22,450000/-<br>9)208/18.02.22, 79000/-<br>10)233/15.03.22,200000/-<br>11)234/15.03.22,500000/-<br>ആകെ-3721940/- |
| 3 | 59/22 | ലൈഫ് പദ്ധതിക്ക് ധനസഹായം (ജനറൽ) | 1)ഞാറയ്ക്കൽ ഗ്രാ.പ-340000/-<br>2)പള്ളിപ്പുറം ഗ്രാ.പ-1260000/-<br>3)കുഴുപ്പിള്ളി ഗ്രാ.പ-440000/- | 20,40,000 | 1)60/06.09.21,200000/-<br>2)118/24.11.21,240000/-<br>3)123/29.11.21,290000/-<br>4)124/29.11.21,140000/-<br>5)157/11.01.22, 510000/-<br>6)162/12.01.22, 200000/-<br>7)196/09.02.22, 40000/-<br>8)209/18.02.22,160000/-<br>ആകെ-2040000 |
| 4 | 118/22 | ബയോഫ്ലോക്ക് | 1)എടവനക്കാട് ഗ്രാ.പ-35779/-<br>2)നായരമ്പലം ഗ്രാ.പ-69851/- | 1,05,630 | 1)156/11.01.22, 35779/-<br>2)160/11.01.22, 69851/- |
| 5 | 62/22 | തോടുകൾക്ക് ആഴം കൂട്ടൽ | | 3,05,239 | 175/24.01.22 |
| 6 | 17/22 | ഐ.കെ.എം വിഹിതം | പ്രോജക്ട് ഓഫീസർ, ഐ.കെ.എം | 40,896 | 22/19.07.21 |
| 7 | 107/22 | എസ്.ഐ.ആർ.ഡി-കില വനിത ഹോസ്റ്റൽ | ഡയറക്ടർ കില | 3,00,000 | 91/11.10.21 |
| | | ആകെ | | 83,35,205 | |

ഇതു സംബന്ധിച്ച് 22.03.23 ൽ 11-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 8335205/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പഞ്ചായത്തുകളിലെ ഹരിത കർമ്മ സേനകൾക്കായി കൈവണ്ടികൾ വിതരണം ചെയ്ത പദ്ധതി-അപാകതകൾ .

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി
എടവനക്കാട്, ഞാറക്കൽ, കുഴുപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനായി മുച്ചക്ര കൈവണ്ടികൾ വിതരണം ചെയ്യുന്നതാണ് പദ്ധതി. ചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | വിവരണം | ചെലവഴിച്ച തുക | ബിൽ.നം, തീയതി |
|---|---|---|---|
| 123/22 | കുഴുപ്പിള്ളി | 255125 | 278/30.03.22 |

| | | | |
|---|---|---|---|
| 124/22 | എടവനക്കാട് | 294375 | 279/30.03.22 |
| 125/22 | ഞാറക്കൽ | 314000 | 280/30.03.22 |
| | ആകെ | 863500/- | |

മേൽ പദ്ധതികൾ പ്രകാരം വിതരണം ചെയ്ത മുച്ചക്ര കൈവണ്ടികൾ വിതരണം ചെയ്തത് സംബന്ധിച്ച് ഓഡിറ്റിന്റെ ഭാഗമായി പരിശോധനയ്ക്ക് വിധേയമാക്കി. ആയതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പല വണ്ടികളുടെയും മുൻവശത്തെ വീൽ ബെയറിങ്ങുകൾ കേടായതിനാൽ നിരവധി വണ്ടികൾ ഉപയോഗിക്കാനാകാതെ വച്ചിരിക്കുന്നതായി കാണുകയുണ്ടായി. (വണ്ടി വാങ്ങി കേവലം 6മാസത്തെ ഉപയോഗത്തിനിടയിൽ സംഭവിച്ചതാണിത്)

2) ശേഖരിക്കുന്ന പാഴ് വസ്തുക്കൾ കൂടാതെ തന്നെ വാഹനത്തിന്റെ ഭാരം അമിതമാണെന്നും റോഡ് മുറിച്ച് കടക്കുന്നതിനും തിരിച്ചെടുക്കുവാനും വാഹനം തള്ളി നടക്കുന്നതിനും വളരെ പ്രയാസപ്പെടുന്നതായും വണ്ടി ഉപയോഗിക്കുന്നവർ ഓഡിറ്റിനോട് വിശദീകരിച്ചു.

3) വിതരണം ചെയ്ത കൈവണ്ടികൾ പരിശോധിച്ചതിൽ ഉപയോഗിച്ച പഴയ വീലുകൾ ഘടിപ്പിച്ചതായും പുറകിലെ രണ്ടു വശത്തുമുള്ള ടയറുകൾ മിക്കവയും പഴയതും മോട്ടോർ വാഹനങ്ങളിൽ ഉപയോഗിച്ച് ഉപേക്ഷിച്ച ടയറുകളുമാണ് ഘടിപ്പിച്ചതെന്ന് കാണുകയുണ്ടായി. (ചുരുങ്ങിയത് 10000കി,മീറ്റർ ഓടിയ വീലാണ്)

4) ഒരേ ഇനത്തിലുള്ള കൈവണ്ടികൾ വാങ്ങുന്നതിനുള്ള പദ്ധതികൾക്കായി മേൽപറഞ്ഞ മൂന്നു പഞ്ചായത്തുകൾക്കുമായി വാങ്ങുന്ന കൈവണ്ടികളുടെ ചെലവ് 863500/-രൂപയാണ്. 5 ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണെന്ന് സർക്കാർ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. പകരം മൂന്ന് പഞ്ചായത്തുകൾക്കായി ഒരേ ഇനം പദ്ധതി മൂന്ന് പദ്ധതികളായി വിഭജിച്ച് സർക്കാർ അംഗീകാരം വാങ്ങുകയാണ് ചെയ്തത്. ഇത് ഇ-ടെണ്ടർ വ്യവസ്ഥകളുടേയും കേരള സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടേയും ലംഘനമാണ്.

5) 'ജെം' മുഖേനയുള്ള വാങ്ങൽ പ്രക്രിയ പൂർണമായി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

6) പ്രസ്തുത പദ്ധതിയിൽ നിന്നും വ്യത്യസ്തമായി സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ വളരെ ഭാരം കുറഞ്ഞതും ചെറിയ പുതിയ ടയറുകളുമായി അനായാസം ഉപയോഗിക്കാവുന്നതുമായ കൈവണ്ടികൾ വാങ്ങി വിജയകരായി ഉപയോഗിക്കുന്നതായും വിശദീകരിക്കുകയും കാണുകയുമുണ്ടായി.(ഉദാ.നായരമ്പലം ഗ്രാമപഞ്ചായത്ത്,വടക്കേക്കര ഗ്രാമപഞ്ചായത്ത്).

7) കൈവണ്ടി വാങ്ങിയ വിതരണക്കാരുമായി ചമച്ച കരാറിൽ ഗ്യാരന്റി കാലാവധി രേഖപ്പെടുത്താത്തതിനാൽ (രേഖപ്പെടുത്താതെ ഒഴിച്ചിട്ടതിനാൽ) (പഴയ ഭാഗങ്ങൾ ഉൾപ്പടുത്തി നിർമ്മിച്ച) കൈവണ്ടികളുടെ ഗ്യാരണ്ടി കാലാവധി വ്യക്തമല്ല.

മേൽപ്പറഞ്ഞ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 14/22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെൻഡർ കരാർ വ്യവസ്ഥ പ്രകാരം പ്രവ്യത്തി ഏറ്റെടുത്ത് നടപ്പാക്കിയ കമ്പനി യഥാവിധി നിർമ്മാണ പ്രവൃത്തികൾ നടത്താതെ പഴയ സാധനങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച് വിതരണം ചെയ്തത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി നിർമ്മാണ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതും നഷ്ടം വന്ന തുക അവരിൽ നിന്നും വസൂലാക്കേണ്ടതുമാണ്. ഗുണനിലവാരമില്ലാത്ത സാധനം വേണ്ടരീതിയിൽ പരിശോധന നടത്താതെ വാങ്ങിയത് വഴി വന്ന നഷ്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനും പർച്ചേസിംഗ് കമ്മിറ്റിയും വ്യക്തിപരമായി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്. മേൽ വിഷയത്തിൽ തുടർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 863500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ആർ ആർ എഫിലേക്ക് ബെയിലിങ് മെഷീൻ വാങ്ങൽ പദ്ധതി - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പദ്ധതി നം.121/22
നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ: 559793/-(ധ.ക.അവാർഡ്)

ചെലവ് :549899/- (ബിൽ.നം-115/22.11.21)

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആർ ആർ എഫിലേക്ക് ബയിലിംഗ് മെഷീൻ വാങ്ങൽ പദ്ധതി പ്രകാരം വാങ്ങിയ മെഷീൻ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. പദ്ധതിക്ക് പണം ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും പദ്ധതി പ്രവർത്തനം ആരംഭിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 12/22.03.23)മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും വേഗത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ചട്ടവിരുദ്ധമായി ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയത് സംബന്ധിച്ച്.

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി
ചെലവ് തുക-ബിൽ.നം-129/30.11.21, 179500/-
2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഭാഗമായി (പദ്ധതി നം. 100/22) ബ്ലോക്ക് പഞ്ചായത്തിൽ ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങുകയുണ്ടായി. ടെൻഡർ നടപടിയിലൂടെയാണ് വാങ്ങിയിട്ടുള്ളത്. 179,500/- രൂപക്കാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഒഴികെ 25000/- രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ജെം പോർട്ടലിലൂടെ ആയിരിക്കണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
കൂടാതെ ജെം പോർട്ടൽ മുഖേന മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഇതേ കാലയളവിൽ ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയപ്പോൾ ഇതിനേക്കാൾ വാറണ്ടി കൂടിയതും സ്പെസിഫിക്കേഷൻ ഉള്ളതുമായത് മെഷിൻ (L1) 138006/-രൂപക്ക് ലഭ്യമായിട്ടുള്ളതും ബ്ലോക്ക് ഓഫീസിന്റെ സമീപ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതേ സമയത്ത് അവ വാങ്ങുകയുമുണ്ടായി (ഉദാ. നായരമ്പലം ഗ്രാ.പ) . ഇപ്രകാരം ജെമ്മിലൂടെയുള്ള വാങ്ങൽ രീതി ഒഴിവാക്കി ടെൻഡർ നടപടിയിലൂടെ വാങ്ങിയത് വഴി തദ്ദേശസ്ഥാപനത്തിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 13/22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ നടപടി വഴി വാങ്ങാൻ പാടില്ലായെന്നിരിക്കെ പഴയ രീതിയിൽ ടെൻഡർ നടപടി വഴി വാങ്ങിയതിനാൽ 41500/-രൂപയുടെ (179500-138000=41500) നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ 41500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പ്രോജക്ടുകൾക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിൽ വില്ലേജ് പഞ്ചായത്തുകളിൽ നിന്നും ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ നിന്നും 23,15,000 രൂപയും ബ്ലോക്ക് വിഹിതത്തിൽ നിന്നും 31,16,000 രൂപയും ഐ.എ.വൈ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്.

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

കേരള വാട്ടർ അതോറിറ്റിയിൽ "പൈപ്പ് ലൈൻ സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്കായി 18,21,500 രൂപ 2021-22 പദ്ധതിയിൽ നിന്നും നിക്ഷേപിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | വൗച്ചർ നം | തിയ്യതി | തുക |
|---|---|---|---|
| 78/22 | XVFC/2021-22/P9 | 24.03.2022 | 1715000.00 |
| 78/22 | XVFC/2021-22/P15 | 31.03.2022 | 106500.00 |
| ആകെ | | | 1821500.00 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | “ |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | “ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60897645 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61267999 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19343932 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1-21) | 0 | 41500 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി,സെക്രട്ടറി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14(1) | 21,00,000 | ശ്രീമതി സലിത എസ്<br>എസ് സി ഡി ഒ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| 1-14(2) | 69,12,937 | ശ്രീമതി സലിത എസ്<br>എസ് സി ഡി ഒ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| 1-15 | 5,11,495 | ശ്രീമതി ഫിബിമോൾ ഫ്രാൻസിസ്<br>അസി. എൻജിനിയർ |
| 1-18 | 2,20,795 | ശ്രീ ജെറിൻസ് എൻ വി<br>IEO,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| 1-19 | 4,00,000 | ശ്രീമതി.സുമം കെ ആർ<br>CDPO |

| | | |
|---|---|---|
| 1-22 | 83,35,205 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി<br>സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| 1-23 | 8,63,500 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി<br>സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 1,93,43,932 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | സലിത എസ്<br>എസ് സി ഡി ഒ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | എസ് സി ഡി ഒ<br>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | പുറത്തേത്ത് ഹൌസ് ,<br>കാഞ്ഞിരമറ്റം ,<br>എറണാകുളം |
| 2 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി<br>സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ട് മനയ്ക്കൽ<br>തൈക്കാട്ടുശ്ശേരി<br>ചേർത്തല, ആലപ്പുഴ |
| 3 | ശ്രീമതി ഫിബിമോൾ ഫ്രാൻസിസ്<br>അസി. എൻജിനിയർ | അസി. എൻജിനിയർ<br>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | കുമ്പിളുവേലിൽ,<br>പണ്ടാരച്ചിറ<br>682020 |
| 4 | ശ്രീ.ജെറിൻസ് എൻവി ,IEO,<br>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | IEO, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | നെൻമേനി വളപ്പിൽ<br>ചെറിയപള്ളംതുരുത്ത് ,<br>തുരുത്തുമ്മേൽ<br>നോർത്ത് പറവൂർ |
| 5 | ശ്രീമതി.സുമം കെ ആർ<br>CDPO ,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | CDPO ,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | ആഞ്ജനേയ ,<br>RSLBN, കേശവൻനായർ റോഡ് , തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 &1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2000-01&2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15 & 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1429/2019/ 03.12.2020 |
| 2017-18 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2020/ 03.12.2020 |

| | |
|---|---|
| 2018-19 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)198/2020/ 04.11.2020 |
| 2019-20 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)955/2022/ 13.07.2021 |
| 2020-21 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)956/2022/ 15.07.2021 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്